**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 7187** — **03.11.2011-ൽ മറുപടിയ്ക്ക്**

## റോഡ്/പാലം നിർമ്മാണത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ജി.എസ്. ജയലാൽ | | **ശ്രീ.കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി)** | |
| എ. | കേന്ദ്ര ഗവൺമെന്റ്/ഏജൻസികൾ മുഖേന ബ്ലോക്ക് പഞ്ചായത്തുകളിലെ റോഡ്/പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാറുണ്ട് ; | എ. | പി.എം.ജിഎസ്.വൈയിൽ ജില്ലാപഞ്ചായത്ത് അംഗീകരിച്ച റോഡ് പ്രവൃത്തികൾ ഏറ്റെടുക്കാം ഏറ്റെടുക്കുന്ന എല്ലാ റോഡുകളും കോർനെറ്റ് വർക്കിൽ ഉൾപ്പെട്ടിരിക്കണം. മുൻഗണനാ പട്ടികയിലെ ക്രമം അനുസരിച്ചായിരിക്കണം ഏറ്റെടുക്കേണ്ടത്. എം.പി.മാർ നൽകുന്ന റോഡുകളുടെ പട്ടികയ്ക്ക് നിയമാനുസൃതമായ മുൻഗണന നൽകണം. ഈ പദ്ധതിപ്രകാരം 6മുതൽ 7.5 മീറ്റർ വരെ വീതിയുള്ള റോഡുകൾക്ക് ഇന്ത്യൻ റോഡ് കോൺഗ്രസ് മാനദണ്ഡപ്രകാരം ഏറ്റെടുക്കാവുന്നതാണ്. പദ്ധതിപ്രകാരം ഏറ്റെടുക്കുന്ന റോഡുകൾക്ക് ശരിയായ എംബാങ്ക്മെന്റും ഡ്രെയിനേജും നിർമ്മിക്കേണ്ടതാണ്. ചെറിയ പാലങ്ങൾ ആവശ്യമുള്ള സ്ഥലങ്ങളിൽ അത് നിർമ്മിക്കാൻ അനുമതി നൽകുന്നതാണ്. 15 മീറ്ററിൽ കൂടുതൽ നീളമുള്ള പാലങ്ങൾ നിർമ്മിക്കണമെങ്കിൽ ഇതിനായി പ്രത്യേകപ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. പാലത്തിന്റെ നീളം 50മീറ്ററിൽ കൂടുതലാണെങ്കിൽ അധിക ചെലവ് സംസ്ഥാന സർക്കാർ വഹിക്കേണ്ടതാണ്. |
| ബി. | പ്രസ്തുത പദ്ധതികളുടെ നിലവിലുള്ളമാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ? | ബി. | പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ഗ്രാമപ്രദേശങ്ങളിൽ മെച്ചപ്പെട്ട റോഡിൽ നിന്നും 500 മീറ്ററിലധികം ചുറ്റളവിൽ ഒറ്റപ്പെട്ടുകിടക്കുന്ന 500ലധികം ജനസംഖ്യയുള്ളആവാസകേന്ദ്രങ്ങളെ ബന്ധിപ്പിക്കാനുള്ള പുതിയ റോഡുകൾക്കാണ് മുൻഗണന. കുന്നിൻ പ്രദേശങ്ങളിൽ ഈ ദൂരം 1.5 കി.മി. ആയി നിജപ്പെടുത്തിയിട്ടുണ്ട്. |

2. പുതുതായിനിർമ്മിക്കാനുദ്ദേശിക്കുന്ന റോഡ് ഈ പദ്ധതിയുടെ അടിസ്ഥാന രേഖയായി തയ്യാറാക്കിയിട്ടുള്ള കോർനെറ്റ്‌വർക്കിന്റെ ഭാഗമായിരിക്കണം. (നിലവിലുള്ള റോഡുകളുടെയും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള റോഡുകളുടെയും മാപ്പിംഗ്)
3. കൂടുതൽ ആളുകൾക്ക്/ ആവാസ കേന്ദ്രങ്ങൾക്ക് പ്രയോജനം കിട്ടുന്ന റോഡുകൾക്ക് മുൻഗണന.
4. ഈ പദ്ധതിപ്രകാരം ഏറ്റെടുക്കുന്ന റോഡുകൾക്ക് കേന്ദ്രസർക്കാർ നിഷ്ക്കർഷിക്കുന്ന 6 മുതൽ 7.5 മീറ്റർ വരെ വീതി ഉണ്ടായിരിക്കണം. ആയതിന് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിന്റെ സാക്ഷ്യപത്രം പദ്ധതിയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
5. ഈ പദ്ധതിപ്രകാരം നിലവിലുള്ള റോഡുകളുടെ പുനരുദ്ധാരണത്തിനായി ഏറ്റെടുക്കുന്ന റോഡുകൾ പഞ്ചായത്തിന്റെ അധീനതയിലുള്ളതായിരിക്കണം. നിശ്ചിത റോഡിന്റെ പേവ്മെന്റ് സൂചിക രണ്ടോ അതിൽ താഴെയോ ആയിരിക്കണം.

**സെക്ഷൻ ഓഫീസർ.**